# ഡിസൈൻ കോൺഫാബിന്റെ നാലാമത് എഡിഷൻ സംഘടിപ്പിച്ചു

കൊച്ചി: ബാത്ത്‌റൂം ഫിറ്റിംഗ്, ലൈറ്റിംഗ് രംഗത്തെ പ്രമുഖ ബ്രാൻഡും, സൊലൂഷൻസ് പ്രൊവൈഡറുമായ ജാഗ്വർ ഗ്രൂപ്പ്, ഡിസൈൻ കോൺഫാബ് കൊച്ചിയിലും എത്തിച്ചു. സ്ഥായിയായ ഭാവി എന്ന ഡിസൈൻ തത്വശാസ്ത്രമാണ് കോൺഫാബിലൂടെ ജാഗ്വർ അവതരിപ്പിക്കുന്നത്. സ്ഥിരതയുള്ള കേരളം എന്ന ആശയത്തിലേക്കുള്ള പുതുവഴികൾ തേടുന്നതിനായി പ്രമുഖ ആർക്കിടെക്റ്റുകൾ, ബിൽഡേഴ്സ്, ഇന്റീരിയർ ഡിസൈനർമാർ എന്നിവരെ ഈ പരിപാടിയിലൂടെ ഒരുമിപ്പിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ പുനെ, അഹമ്മദാബാദ്, ബെംഗളൂരു എന്നിവിടങ്ങളിൽ ജാഗ്വർ ഗ്രൂപ്പ്, ഡിസൈൻ കോൺഫാബ് വിജയകരമായി സംഘടിപ്പിച്ചിരുന്നു.




രാജേഷ് മെഹ്റ

കേരളത്തിന്റെ പുനർനിർമാണം സ്ഥിരതയുള്ള ഭാവിയിലേക്കുള്ള കാൽവെയ്പ്പ് എന്നതായിരുന്നു ഡിസൈൻ കോൺഫാബ് കൊച്ചി പതിപ്പിന്റെ തീം. ഏറ്റവും മികച്ച നടപ്പ് രീതികളെക്കുറിച്ച് അറിയുന്നതിനായി ജാഗ്വർ ഗ്രൂപ്പ് ഈ മേഖലയിൽ വൈദഗ്ധ്യം തെളിയിച്ച പ്രമുഖ വ്യക്തികളിൽ ചിലരെ പരിപാടിയിലേക്ക് ക്ഷണിച്ചിരുന്നു. സസ്റ്റെയ്നബിൾ ആർക്കിടെക്ച്ചറും ഡിസൈനും എന്നവിഷയത്തിൽ, വിദഗ്ധർ അവരുടെ ആശയങ്ങളും ആശങ്കകളും പങ്കുവെച്ചു.

എച്ച്സിപി ഇന്റീരിയർ ഡിസൈൻ കമ്പനിയുടെ ചെയർപേഴ്സണും പ്രമുഖ ആർക്കിടെക്റ്റുമായ കന്നാപട്ടേലിന്റെ അധ്യക്ഷപ്രസംഗത്തോടെയാണ് പരിപാടി തുടങ്ങിയത്. ഡിസൈൻ, ആർക്കിടെക്ച്ചർ മേഖലയ്ക്ക് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് പദ്മശ്രീ ജി ശങ്കറിനെ ജാഗ്വർ ഗ്രൂപ്പ് പ്രത്യേക പുരസ്കാരം നൽകി ആദരിച്ചു. തുടർന്ന് നടന്ന പാനൽ ചർച്ചയിൽ വിദഗ്ധർ തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവെച്ചു.

“ആർക്കിടെക്ച്ചർ, ഡിസൈൻ മേഖലയിലെ പ്രമുഖരായ വ്യക്തികളിൽ നിന്നും ഏറ്റവും മികച്ച നടപ്പുരീതികളെക്കുറിച്ച് അറിയുന്നതിനായി, അവരെ ഒരുമിച്ച് ഒരുപ്ലാറ്റ്ഫോമിൽ കൊണ്ടുവരിക എന്നതായിരുന്നു ഡിസൈൻ കോൺഫാബ് കൊച്ചിയിലേക്ക് എത്തിച്ചതിലൂടെ ജാഗ്വറിന്റെ ലക്ഷ്യം,” ജാഗ്വർ ഗ്രൂപ്പ് പ്രമോട്ടറും ഡയറക്റ്ററുമായ രാജേഷ് മെഹ്റ പറഞ്ഞു.

പ്രകൃതിദത്തമായവയുടെ സംരക്ഷണത്തിനാണ് ഗ്രൂപ്പ് ഊന്നൽ നൽകുന്നത്. ഇതിനായി ഗവേഷണങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ വികസിപ്പിച്ച ഡിസൈൻഫിലോസഫിയാണ് ഉപയോഗിക്കുന്നത്. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ജാഗ്വർ ഗ്രൂപ്പ്ഹെഡ്ക്വാർട്ടേഴ്സ്. യുണൈറ്റഡ് സ്റ്റേറ്റ്സ് ഗ്രീൻ ബിൽഡിംഗ് കൗൺസിലിൽ നിന്ന എൽഇഇഡി പ്ലാറ്റിനം സർട്ടിഫിക്കറ്റ് റേറ്റിംഗ് ലഭിച്ച പ്രകൃതി സൗഹാർദ കെട്ടിടമാണിത്. ഒരുകെട്ടിടത്തിന് ലഭിക്കാവുന്ന പരമോന്നത പ്രകൃതിസൗഹൃദ പുരസ്കാരമാണിത്.